ടാക്സേഷൻ ഉണ്ടായിട്ടില്ല എന്നുള്ളതാണ് കണക്കുകൾ കാണിക്കുന്നത്. ഇപ്പോൾ 5.6 ശതമാനം കൂടിയിട്ടുണ്ടെങ്കിൽപ്പോലും ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ നാച്ചുറൽ ഗ്രോത്തിന്റെ ലവലിലേക്ക് വന്നിട്ടില്ല. എന്നുവച്ചാൽ താരതമ്യേന കഴിഞ്ഞ വർഷത്തേക്കാൾ ടാക്സ് കുറവാണെന്നുള്ളതാണ്. അല്ലെങ്കിൽ ഒരു 10 ശതമാനത്തിൽ കൂടുതൽ ഓരോ വർഷവും ഗ്രോത്ത് ഉണ്ടാകണം ആ ഗ്രോത്ത് വന്നിട്ടില്ല. ആപ്പോൾ നമ്മൾ അമിതമായി ടാക്സ് ഏർപ്പെടുത്തിയിട്ടില്ല. കുറവു മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നുള്ളത് വളരെ വ്യക്തമായി കാണാം. പിന്നെ ഈ പറയുന്ന കാര്യങ്ങളെല്ലാം പരിശോധിക്കാം. നമുക്കെല്ലാവർക്കും ഒന്നിച്ചിരുന്ന് ചർച്ച ചെയ്തു എന്തെങ്കിലും പ്രത്യേക ഇഷ്യൂ ഉണ്ടെങ്കിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അർഹതയുള്ളതാണെങ്കിൽ ഒരു മടിയുമില്ലാതെ അത് സമ്മതിക്കാൻ ഞാൻ ശ്രമിക്കാം. അതിൽ യാതൊരു സംശയവും വേണ്ട, ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു,

മി. സ്പീക്കർ: ശ്രീ. കെ. ബാബു, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു: ഇല്ല.

മി. സ്പീക്കർ: ശ്രീ. ബാബു, അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻഡ്മെന്റ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച് . VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻഡ്മെന്റ്) ബിൽ സാമ്പത്തികകാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(7) 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെൻഡ്മെന്റ്) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 1-4-2005 മുതൽ അപ്പലേറ്റ് അസിസ്റ്റന്റ് കമ്മീഷണർ പോസ്റ്റ് അബോളിഷ് ചെയ്തുകൊണ്ട് ആ സ്ഥാനത്ത് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) എന്നു ചേർക്കുക. ഇതു മാത്രമേയുള്ളൂ. ഇതിൽ ഒരു ചർച്ചയുടേയും ആവശ്യമില്ല. പോസ്റ്റ് അബോളിഷ് ചെയ്തുകൊണ്ട് ആ പേര് ഒന്നു മാറണമെന്ന് മാത്രമേയുള്ളൂ. ചർച്ച കൂടാതെ ഇത് സബ്ജക്ട് കമ്മിറ്റിക്കു വിടാവുന്നതാണ്.

ശ്രീ. ടി. പി. എം. സാഹിർ: സർ, 2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് (അമെൻറ്മെൻറ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ചെറുകിട കർഷകരുടെ പ്രശ്നം കൂടിയുണ്ട്. അസസ്മെൻറിന്റെ കാര്യത്തിൽ അസിസ്റ്റന്റ് അപ്പലേറ്റ് കമ്മീഷണർ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) ആയാലും സ്പീഡ് ആയിട്ട് തീരുമാനമുണ്ടായാൽ മതി. ചെറുകിട കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഇന്ന് ന്യായമായ വില ലഭിക്കുന്നില്ല. അതുകൊണ്ട് അവർക്ക് ഒരു ഇൻസെന്റീവ് എന്ന നിലയ്ക്ക് എന്തെങ്കിലും ഇതിൽ പ്രഖ്യാപിക്കണം.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, 2005-ലെ കേരള അഗ്രികൾച്ചറൽ ഇൻകം ടാക്സ് (അമെൻറ്മെൻറ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ഭേദഗതി വളരെ ചെറിയ കാര്യമാണ്. പക്ഷെ അതേയവസരത്തിൽ കാർഷികാദായ നികുതിയുടെ ഭേദഗതി ബിൽ ഈ സഭയുടെ പരിഗണനയ്ക്ക് വരുമ്പോൾ നമ്മുടെ നാട്ടിലെ കൃഷിക്കാരുടെ വളരെ ദയനീയമായ ഒരു ചിത്രമാണ് മനസ്സിലുള്ളത്. സർ, നമ്മുടെ ഈ വർഷത്തെ സാമ്പത്തിക അവലോകന രേഖതന്നെ കൃഷിയുടെ ഒരു ദുരന്ത ചിത്രം വരച്ചു കാണിക്കുന്നു. ഭരണാധികാരികളുടെ തെറ്റായ സാമ്പത്തിക നയത്തിന്റെ ഭാഗമായി കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന ചെറുകിട കൃഷിക്കാർക്ക് മാത്രമല്ല ഇടത്തരം കൃഷിക്കാർക്കും ഒരു പരിധിവരെയുള്ള വൻകിട കൃഷിക്കാർക്കും ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് ഉണ്ടായിട്ടുള്ളത്. അഗ്രിക്കൾച്ചർ എന്ന കൃഷിയുടെ ഇംഗ്ലീഷ് പദം വളരെ സവിശേഷമായ പദപ്രയോഗമാണ്. മനുഷ്യന്റെ സംസ്കാരം തന്നെ കൃഷിയിലൂടെയാണ് രൂപപ്പെട്ടതെന്നതുകൊണ്ട് കൃഷിക്ക് മനുഷ്യ ജീവിതവുമായിട്ടുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്ന പദപ്രയോഗമാണ് അത്. എന്നാൽ ലോക വ്യാപാര സംഘടനയുടെ സിയാറ്റിൽ സമ്മേളനം കഴിഞ്ഞപ്പോൾ ആ സമ്മേളനത്തിന്റെ രേഖകളിൽ അഗ്രിക്കൾച്ചർ എന്ന പദം മാറിയിരിക്കുകയാണ്. അഗ്രിക്കൾച്ചർ എന്ന വാക്കിനു പകരം ഡബ്ല്യു. ടി. ഒ.-യുടെ കഴിഞ്ഞ സമ്മേളനത്തിന്റെ രേഖയിൽ അഗ്രി ബിസിനസ് എന്നാണ് ചേർത്തിരിക്കുന്നത്. അഗ്രിക്കൾച്ചർ എന്ന പദം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ മാറിയിരിക്കുകയാണ്. അതിനർത്ഥം ചെറുകിട കർഷകർക്ക് മാത്രമല്ല ഇടത്തരം കൃഷിക്കാർക്കും ഒരു പരിധിവരെയുള്ള വൻകിട കൃഷിക്കാർക്കും കൃഷിയെ ആശ്രയിച്ചുമാത്രം ജീവിക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ് എന്നാണ്. വൻകിട കമ്പനിക്കാർ കാർഷിക രംഗത്തേക്ക് പ്രവേശിക്കുകയാണ്. നമ്മുടെ റവന്യൂ ഇൻകത്തിന്റെ കാര്യം പറയാം. നമ്മുടെ കാർഷികവൃത്തിയിൽ നിന്നുള്ള് വരുമാനം എത്രാണ്ട് പകുതിയായി ചുരുങ്ങിയിരിക്കുകയാണ്. ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നത് 1993-94-ൽ 26.23 ശതമാനമായിരുന്നു കേരളത്തിന്റെ കാർഷിക വരുമാനം. വളരെ ഞെട്ടിപ്പിക്കുന്ന കണക്കാണ്. 2003-2004-ൽ അത് 13 ശതമാനം നേർ പകുതിയായി ചുരുങ്ങി. അതുപോലെ കൃഷിയുമായി ബന്ധപ്പെട്ട മൂന്നു കാര്യങ്ങളും ഇക്കണോമിക് റിവ്യൂവിൽ എടുത്തുപറയുന്നു. നമ്മുടെ സഭ വളരെ ശ്രദ്ധാപൂർവ്വം കേൾക്കേണ്ട കാര്യമാണ്. അതിൽ ഒന്ന് ഓരോ കാർഷിക ഉൽപ്പന്നവും കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ ഓരോ വർഷവുമുള്ള കുറഞ്ഞു വരവ്. രണ്ട്, ഓരോ കൃഷിയുടേയും പ്രതിവർഷ ഉല്പാദനത്തിൽ ഉണ്ടാകുന്ന കുറവ്. മൂന്ന്, ഉല്പാദനക്ഷമതയിലുണ്ടാകുന്ന കുറവ്. ഈ മൂന്ന് കാര്യങ്ങളാണ് കാർഷിക മേഖലയുടെ നഷ്ടങ്ങൾ. നമ്മൾ കാർഷികാദായ നികുതിയെക്കുറിച്ച് പറയുമ്പോൾ ആദായനികുതിയിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം ആ വരുമാനത്തോടൊപ്പം കൃഷിക്കാരനു വേണ്ടി സർക്കാർ ബഡ്ജറ്റ് അലോട്ട്മെന്റ് ഏതൊക്കെ മേഖലയിലേക്കാണ് ചെലവഴിക്കേണ്ടത് എന്നതിന്റെ ഒരു സൂചനയാണ്. ഞാൻ ഇൻകം റവന്യൂ മാത്രമാണ് പറയുന്നത്. നമ്മുടെ ധാരണ സാധാരണ നെൽപ്പാടങ്ങളുടെ വിസ്തൃതി മാത്രമാണ് കുറഞ്ഞതെന്നാണ്. എന്നാൽ ഈ സാമ്പത്തിക അവലോകനരേഖ പറയുന്നത് 15 കാർഷികോൽപ്പന്നങ്ങളിൽ കൃഷി ചെയ്യുന്ന സ്ഥലം വർദ്ധിച്ചത് 4 ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ മാത്രമേയുള്ളൂ എന്നാണ്. ഏലം ചെറിയ വർദ്ധനയുണ്ട്. നാൽപ്പത്തിയൊന്നായിരത്തി നാന്നൂറ്റി പന്ത്രണ്ട് ഹെക്ടർ ആയിരുന്നത് നാൽപ്പത്തിയൊന്നായിരത്തി എഴുന്നൂറ്റി എൺപത്തിരണ്ട് ഹെക്ടറായി ഉയർന്നിരിക്കുന്നു. മരച്ചീനി ഒരുലക്ഷത്തിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തിയൊൻപത്. അത് ഒരുലക്ഷത്തിപതിനൊന്നായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് ഹെക്ടറായി ഉയർന്നിരിക്കുന്നു. നമ്മുടെയൊക്കെ ധാരണ കേരളത്തിൽ ഇപ്പോൾ റബ്ബറിന് വിലയുള്ളതുകൊണ്ട് റബ്ബർ കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി കൂടിയിട്ടുണ്ടെന്നാണ് ഇക്കണോമിക് റിവ്യൂ പറയുന്നത്.....

ശ്രീ. കളത്തിൽ അബ്ദുള്ള: 1991-ൽ ശ്രീ. വി. വിശ്വനാഥ മേനോൻ ധനമന്ത്രിയായിരുന്ന കാലത്താണ് ഈ ബില്ലിന്റെ മൂലബിൽ പാസ്സായത്. മാത്രമല്ല ഇതിനെക്കുറിച്ച് തങ്കം പറയുന്ന അമെൻഡ്മെന്റ് മുഴുവൻ—അന്നത്തെ പ്രതിപക്ഷ അംഗങ്ങൾ ഉന്നയിച്ചതൊക്കെ—തള്ളിയിരിക്കുകയാണെന്ന് കാണാം. സത്യത്തിൽ ആ മൂലനിയമം തന്നെ നടപ്പിലാക്കുകയാണെങ്കിൽ കൃഷിക്കാർക്ക് ബുദ്ധിമുട്ടുള്ള സമയമാണിത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: ഞാൻ ആ കാര്യങ്ങളാണ് പറഞ്ഞു വരുന്നത്. റബ്ബർകൃഷി പോലും നാലു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നാൽപ്പത്തിയേഴ് ഹെക്ടർ സ്ഥലത്താണെങ്കിൽ ഇപ്പോഴും അതിൽ ഒരു വ്യത്യാസവുമില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കാർഷിക മേഖലയ്ക്ക് പ്രത്യേകമായ സഹായങ്ങളും അനുവദിക്കാൻ സർക്കാർ തയ്യാറാകണം. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ ശ്രീ. സി. ടി. അഹമ്മദ് അലി

LIBRARY ARCHIVES Kerala Legislative Assembly

ഉംപ്പെടെയുള്ളവരുടെ മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ അടയ്ക്ക കൃഷിക്കാരുള്ളത്. അവരെ ആത്മഹത്യയുടെ വക്കിലെത്തിച്ച ജില്ലയാണ് കാസർഗോഡ്. ഈ ജില്ലയിലെ ഏതാണ്ട് 200-ഓളം കൃഷിക്കാർ ജപ്തിനടപടികൾക്ക് വിധേയരായി. ബാങ്കുകാർ അവരുടെ സ്ഥലം ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കാർഷികാദായ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടുന്ന തുകയിൽനിന്ന് ഒരു നിശ്ചിത ശതമാനമെങ്കിലും കൃഷിക്കാരുടെ കടാശ്വാസത്തിനുവേണ്ടി ഉപയോഗിക്കണം. രണ്ടു ലക്ഷം രൂപവരെ കടബാദ്ധ്യതയുള്ള കൃഷിക്കാരുടെ പലിശയെങ്കിലും അടിയന്തിരമായി എഴുതിത്തള്ളാനുള്ള സമീപനം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അമെൻഡ്മെന്റിനെക്കുറിച്ച് ആരും ഒന്നും പറഞ്ഞില്ല. അതുകൊണ്ട് മറുപടി പറയേണ്ട യാതൊരു കാര്യവുമില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. പി. എം. സാഹിർ അങ്ങയുടെ ഭേഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. പി. എം. സാഹിർ: ഇല്ല.

മി. സ്പീക്കർ: ശ്രീ. ടി. പി. എം. സാഹിർ അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: അങ്ങയുടെ ഭേഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച ഭേഗതി സഭ നിരാകരിച്ചിരിക്കുന്നു.

2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെൻഡ്മെന്റ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് (അമെൻഡ്മെന്റ് ബിൽ) സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഇന്ന് വൈകുന്നേരം ആറര മണിക്ക് മൗണ്ട് അബു ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിലെ കാർഡിയോളജിസ്റ്റ് ഡോ. സതീഷ് ഗുപ്ത ഇവിടെ വരുന്നതു സംബന്ധിച്ച കത്ത് എല്ലാവർക്കും അയച്ചിട്ടുണ്ട്. അതനുസരിച്ച് എല്ലാവരും വരണം.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലായ് മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly